കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനത്തിന് നടപടി

18 [2055] ശ്രീ. മത്തായി ചാക്കോ :

ഡോ. തോമസ് ഐസക് :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി ഏതെങ്കിലും ധനകാര്യ ഏജൻസികളുടെ സഹായം സർക്കാർ തേടുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ധനകാര്യ ഏജൻസികളിൽ നിന്നാണ് സഹായം തേടുന്നതെന്നും ലഭിക്കുന്ന സഹായം എത്രയാണെന്നും ഇത് സംബന്ധമായ കരാർ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദീൻദയാൽ കൈത്തറി വികസന പദ്ധതിക്ക് വേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷനിൽനിന്നും 5 കോടി രൂപയുടെ വായ്പ ഹാൻടെക്സ് വഴി പ്രാഥമിക സംഘങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലായി നടപ്പാക്കുന്ന എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്ക് 11.14 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ദിശയിൽ ആയതിനാൽ വ്യവസ്ഥകൾ രൂപീകൃതമായിട്ടില്ല.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ കുടിശ്ശിക

19 [2056] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങൾ എടുത്തവകയിൽ ഹാൻടെക്സ്, ഹാൻവീവ് തുടങ്ങിയ സ്ഥാപനങ്ങൾ നൽകുവാനുള്ള തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ടി സംഘങ്ങൾക്ക് ഭീമമായ കുടിശ്ശിക തുക നൽകാനുള്ളതുകാരണം അവ പ്രതിസന്ധിയിലാണെന്നും തൊഴിലാളികൾക്ക് പണി ലഭിക്കുന്നില്ലെന്നുമുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടി സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശികകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ കൈത്തറി വ്യവസായ സഹകരണ സംഘങ്ങളിൽ നിന്നും തുണി സംഭരണം ചെയ്യുന്നതിൽ 28-2-2005 വരെ ഹാൻടെക്സ് 2214.25 ലക്ഷം രൂപ നൽകാനുണ്ട്. ഹാൻവീവ് ഈ ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കാനില്ല.

(ബി) ഉണ്ട്.

(സി) ഹാന്റക്സ് അംഗങ്ങളിൽ നിന്നും സംഭരിച്ച തുണി അടിയന്തിരമായി വിറ്റഴിച്ച്, സംഘങ്ങൾക്ക് നൽകാനുള്ള തുക ഉടനെ നൽകുന്നതിന് ഹാന്റക്സിന് നിർദ്ദേശം നൽകുന്നതാണ്.

കൈത്തറി മേഖലയെ രക്ഷിക്കാൻ നടപടി

20 [2057] ശ്രീ. എ. സി. ഷൺമുഖദാസ് :

,, സി. കെ. നാണു :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഹാൻടെക്സ് ഉൾപ്പെടെയുള്ള സംസ്ഥാന ഏജൻസികളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച തുക ഉൾപ്പെടെ എത്ര തുക സംസ്ഥാന ചെറുകിട കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുക ലഭിക്കാത്തതുമൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയെ രക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ 28-2-2005 വരെ 19 കോടി രൂപ പദ്ധതിയിനത്തിലും 6.20 കോടി രൂപ പദ്ധതിയേതര ഇനത്തിലുമായി ചെലവഴിച്ചു.

(ബി) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ഹാൻടെക്സ് എന്നിവ പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് അനുവദിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1. കേന്ദ്രസർക്കാർ താഴെ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾക്ക് അനുവദിച്ച 6.392 കോടി രൂപ സംസ്ഥാന സർക്കാർ റിലീസ് ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly